## 2. വനിതാ സൗഹൃദ സൈബർ പോലീസ് സ്റ്റേഷൻ

ശ്രീ. ഹൈബി ഈഡൻ : സർ, സ്ത്രീസുരക്ഷയ്ക്ക് ഈ ഗവൺമെന്റ് വലിയ പ്രാധാന്യം കൊടുക്കുന്നതിന്റെ ഭാഗമായാണ് 'നിർഭയ കേരളം സുരക്ഷിത കേരളം' എന്ന പദ്ധതിക്ക് രൂപം കൊടുത്തത്. അതുപോലെതന്നെ സെൻട്രൽ ഗവൺമെന്റിന്റെ അസിസ്റ്റൻസോടുകൂടി 'നിർഭയ' എന്ന മറ്റൊരു പദ്ധതിയും സംസ്ഥാന ഗവൺമെന്റ് സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണത്തിനുവേണ്ടി തയ്യാറാക്കിയിട്ടുണ്ട്. പക്ഷേ സൈബർ ലോകത്തെ നമുക്കിന്ന് മാറ്റിനിർത്താൻ കഴിയില്ല. സൈബർ സ്പേസ് എന്നത് വളരെ പ്രധാനമായ ഒന്നാണ്. കേരള പോലീസിന്റെ ഔദ്യോഗിക വെബ്സൈറ്റിൽതന്നെയുള്ള 2007 മുതൽ 2015 വരെയുള്ള സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളുടെ കണക്കുകൾ വ്യക്തമാക്കുന്നത് ഈ രംഗത്ത് ക്രമാതീതമായ വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്നാണ്. നാഷണൽ ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ കണക്കുകളും ഇത് സ്ഥിരീകരിക്കുയാണ്. കൊച്ചിയിൽ ക്രൈം റേറ്റിന്റെ എണ്ണം വ്യാപകമായി കുറഞ്ഞിട്ടുണ്ടെങ്കിലും സൈബർ കുറ്റകൃത്യങ്ങളുടെ എണ്ണം 50 ശതമാനത്തിലേറെ വർദ്ധിച്ചിരിക്കുകയാണ്. സുപ്രീം കോടതിയുടെ പ്രസക്തമായ ഒരു വിധിയിൽ അഭിപ്രായ സ്വാതന്ത്ര്യം അനുവദിച്ചിട്ടുണ്ട്. പക്ഷേ അത് ദുരുപയോഗം ചെയ്തുകൊണ്ടുതന്നെ എന്തും പറയാനും അതുപോലെ സ്ത്രീകളെ ചൂഷണം ചെയ്യാനും അപമാനിക്കാനുമുള്ള പുതിയ മാധ്യമമായി ഇന്റർനെറ്റും സോഷ്യൽ മീഡിയയും മാറിയിരിക്കുകയാണ്. നമ്മുടെ നിത്യജീവിതത്തിൽനിന്ന് ഫെയ്സ്ബുക്ക്, വാട്ട്സ്ആപ്പ് പോലെയുള്ള സോഷ്യൽ മീഡിയകളെ മാറ്റിനിർത്താൻ കഴിയില്ല. സ്ത്രീകൾക്ക് പ്രാമുഖ്യം കൊടുക്കുന്ന ഒരു വിമൻ ഫ്രണ്ട്ലി സൈബർ പോലീസ് സ്റ്റേഷൻ കൊച്ചി കേന്ദ്രീകരിച്ച് ആരംഭിക്കുന്നതിന്റെ ആവശ്യകതയാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

പല പ്രശസ്തരായ വ്യക്തികളുടെ ഫെയ്സ് ബുക്ക് പ്രൊഫൈലുകൾ, ഫെയ്ക്ക് ആയ ഫെയ്സ്ബുക്ക് പ്രൊഫൈലുകളും വരുന്നുണ്ട്. കഴിഞ്ഞ ദിവസം പ്രശസ്ത നർത്തകിയും നടിയുമായ ശ്രീമതി ആശാ ശരത്തിന്റെ മോർഫ് ചെയ്ത ചിത്രങ്ങൾ ഇന്റർനെറ്റിലൂടെ വ്യാപകമായി പ്രചരിക്കുകയുണ്ടായി. സ്ത്രീകൾക്ക് എതിരെയുള്ള ചൂഷണവും അതിക്രമവും പണ്ട് നേരിട്ടായിരുന്നുവെങ്കിൽ ഇന്ന് അതിന് എഫക്ടീവായി ഉപയോഗിക്കാവുന്ന ഒരു മാധ്യമമായി സോഷ്യൽ മീഡിയ മാറിയിരിക്കുകയാണ്. അതുകൊണ്ടുതന്നെ ഇത് വളരെ ഗൗരവമായി കണ്ടുകൊണ്ട് ഇതിനെ സംബന്ധിച്ചുള്ള കൂടുതൽ അറിവ്, കൂടുതൽ എക്യൂപ് ചെയ്യുന്നതിനു വേണ്ടുന്ന ട്രെയിനിംഗ്, പ്രത്യേകിച്ച് സൈബർ നിയമങ്ങളെക്കുറിച്ച് പോലീസ് ഉദ്യോഗസ്ഥരിൽ തന്നെയുള്ളവർക്ക്



LIBRARY ARCHIVES Kerala Legislative Assembly

പ്രോപ്പറായ ട്രെയിനിംഗ് കൊടുക്കാൻ നമുക്ക് സാധിക്കുന്നില്ല. ടെക്നിക്കൽ എക്സ്പെർട്സിന്റെ സഹായം നമുക്ക് നേടേണ്ടതുണ്ട്. അത് മുൻനിർത്തിക്കൊണ്ട് കൂടുതൽ സ്ത്രീകളെയുംകൂടി ഉൾപ്പെടുത്തി സ്ത്രീസൗഹൃദ സൈബർ പോലീസ് സ്റ്റേഷനുകൾക്ക് രൂപം കൊടുക്കണമെന്നും അതിന് കൊച്ചി ആസ്ഥാനമാക്കണമെന്നും അഭ്യർത്ഥിക്കുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ, സംസ്ഥാനത്ത് സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരികയാണെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. തിരുവനന്തപുരത്ത് ഒരു സൈബർ പോലീസ് സ്റ്റേഷൻ പ്രവർത്തിച്ചുവരുന്നുണ്ട്. അവിടെയാണെങ്കിൽ കേസ്സുകൾ കന്നുകൂടി കിടക്കുകയാണ്. ഇതിനകത്തുള്ള ഏറ്റവും വലിയ പ്രശ്നമെന്നുപറയുന്നത്, പുതിയ ഒരു സുപ്രീം കോടതി വിധി വന്നിരിക്കുകയാണ്. കേരളാ പോലീസ് ആക്ടിന്റേയും സൈബർ ആക്ടിന്റേയുമെല്ലാം പ്രസക്തമായ ഭാഗങ്ങൾ സുപ്രീം കോടതി ഇപ്പോൾ എടുത്തുകളഞ്ഞിരിക്കുകയാണ്, റദ്ദുചെയ്തിരിക്കുകയാണ്. അതുകൊണ്ടുതന്നെ പല കേസ്സുകളും തെളിയിക്കുന്ന കാര്യത്തിലും നടപടികൾ സ്വീകരിക്കുന്ന കാര്യത്തിലും വളരെയേറെ പ്രതിസന്ധികൾ ഇപ്പോൾ പോലീസ് നേരിടുന്നുണ്ട്. കൂടുതൽ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കണമെന്നുള്ളത് ഒരു ഡിമാന്റാണ്, അത് ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. കൊച്ചി, കോഴിക്കോട്, തൃശ്ശൂർ റെയ്ഞ്ച് ഹെഡ്ക്വാർട്ടേഴ്സായി ഓരോ സൈബർ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കാനുള്ള തീരുമാനമാണ് ഗവൺമെന്റിനുള്ളത്. കൊച്ചി സിറ്റിയിൽ ഒരു പുതിയ സൈബർ പോലീസ് സ്റ്റേഷൻ ആരംഭിക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്. ഉടൻതന്നെ അത് സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കൂടുതൽ സൈബർ കുറ്റകൃത്യങ്ങൾ കണ്ടെത്താൻ വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുകയും അതിനാവശ്യമായ ട്രെയിനിംഗ് പോലീസ് ഉദ്യോഗസ്ഥർക്ക് നൽകുകയും ചെയ്യും. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ വനിതാ പോലീസുകാർക്ക് കൂടുതൽ പരിശീലനം കൊടുത്തുകൊണ്ട്, വനിതാ സൗഹൃദ സൈബർ പോലീസ് സ്റ്റേഷൻ എന്നുള്ള നിലയിലേയ്ക്ക് അത് മാറ്റണമെങ്കിൽ അവരെക്കൂടി, വനിതകൾ മാത്രമല്ല മറ്റ് പോലീസുകാരോടൊപ്പം പരിശീലനംസിദ്ധിച്ച വനിതകളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## 3. തൃശ്ശൂർ-പൊന്നാനി കോൾ വികസന പദ്ധതി

ശ്രീ. പി. എ. മാധവൻ : സർ, ഈ സർക്കാർ നിലവിൽവന്നതിനു ശേഷമാണ് കോൾ കൃഷിക്കാർക്ക് പമ്പിംഗ് സബ്സിഡിയും ഉല്പാദന ബോണസ്സും വർദ്ധിപ്പിച്ചു നൽകാനും ആ ഇനത്തിലുള്ള കുടിശ്ശിക നൽകാനും തയ്യാറായത്.

LIBRARY ARCHIVES Kerala Legislative Assembly